**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഒന്നിലധികം പാസ്പോർട്ടുകൾ കൈവശം വച്ചവർക്കെതിരെയുള്ള കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഒന്നിലധികം പാസ്പോർട്ടുകൾ സമ്പാദിക്കുകയും കൈവശം വയ്ക്കുകയും ചെയ്ത കുറ്റത്തിന് സംസ്ഥാനത്ത് എത്ര പേർക്കെതിരെ കേസുകൾ നിലവിലുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (എ) | ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | എത്രകാലമായി ഈ കേസുകൾ നിലനിൽക്കുന്നുവെന്നും ഏതു വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കാമോ; | (ബി) | ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (സി) | ഈ കേസുകൾക്ക് പരമാവധി ലഭിക്കാവുന്ന ശിക്ഷ എന്താണെന്നും ഇതിനകം എത്ര ആളുകളെ ശിക്ഷിച്ചെന്നും ശിക്ഷയുടെ സ്വഭാവം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | 1 വർഷം മുതൽ പരമാവധി ജീവപര്യന്തം വരെ തടവ് ശിക്ഷയും കൂടാതെ ഏറ്റവും കുറഞ്ഞത് 1,000/- രൂപ മുതൽ 50,000/- രൂപ വരെയുള്ള പിഴ ശിക്ഷയോ രണ്ടും കൂടിയോ വിധിക്കാവുന്നതാണ്. ശിക്ഷയുടെ വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടില്ല. |
| (ഡി) | പെട്ടെന്ന് തീർപ്പാക്കാവുന്നവ ആയിട്ടും ഈ കേസുകളിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | 1 വർഷം മുതൽ പരമാവധി ജീവപര്യന്തം വരെ തടവ് ശിക്ഷയും കൂടാതെ ഏറ്റവും കുറഞ്ഞത് 1,000/- രൂപ മുതൽ 50,000/- രൂപ വരെയുള്ള പിഴ ശിക്ഷയോ രണ്ടും കൂടിയോ വിധിക്കാവുന്നതാണ്. ശിക്ഷയുടെ വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത കാലതാമസം മൂലം തൊഴിൽ സമ്പാദിക്കുന്നതിനും മറ്റ് ജീവിത ഉപാധികൾ കണ്ടെത്തുന്നതിനും കേസിൽപെട്ടവർ അഭിമുഖീകരിക്കുന്ന പ്രതിബന്ധങ്ങൾ/പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇത്തരം കേസുകളിലെ കാലതാമസം മൂലം തൊഴിൽ സമ്പാദിക്കുന്നതിനും മറ്റ് ജീവിത ഉപാധികൾ കണ്ടെത്തുന്നതിനും പ്രതിബന്ധങ്ങൾ നേരിടുന്നു എന്നത് സംബന്ധിച്ച പരാതികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ